STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.22/PR/SPMC/PHQ/2021 Date :15.01.2021

# നിയമനിർവ്വഹണത്തിനൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പോലീസ് പ്രാധാന്യം നൽകും : ഡി.ജി.പി

നിയമനിർവ്വഹണത്തിനൊപ്പം വിവിധതരം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി സൈബർ സുരക്ഷാമേഖലയിലെ പോലീസിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. 2021 വർഷം കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമുള്ള വർഷമായി പോലീസ് ആചരിക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം പോലീസ് ആസ്ഥാനത്ത് നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ അവകാശസംരക്ഷണം ഓരോ വ്യക്തിയുടെയും കടമയാണെന്നും കുട്ടികൾക്ക് ഭയരഹിതരായി ജീവിക്കാനുള്ള സാഹചര്യം സമൂഹത്തിൽ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. ഇയർ ഓഫ് സേഫ്റ്റി ആന്റ് സെക്യൂരിറ്റി 2021 ന്റെ ലോഗോ പ്രകാശനവും ഇതോടൊപ്പം നടന്നു.

സൈബർലോകത്തെ തട്ടിപ്പുകൾക്കെതിരെ പാലിക്കേണ്ട മുന്നറിയിപ്പുകൾ ഉൾപ്പെടുത്തി കേരളാ പോലീസ് സൈബർഡോം തയ്യാറാക്കിയ സെയ്ഫ് ഇൻ സൈബർ സ്പെയ്സ് എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഹെഡ്ക്വാർട്ടേഴ്സ് എ.ഡി.ജി.പി മനോജ് എബ്രഹാം, ഡി.ഐ.ജി എസ്.ശ്യാംസുന്ദർ എന്നിവരും സൈബർഡോം, സി-ഡാക്ക് എന്നിവയിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.